പാഠം - 11 Lesson - 11

# യിപ്താഹ്
# (തുറക്കുന്നവൻ)

**പാഠഭാഗം:** ന്യായാ. 11, 12: 1–7

**മനഃപാഠം:** 1 കൊരി. 1: 27–29

“ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിക്കാൻ ദോവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിലൊരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ.”

**താക്കോൽ വാക്യം:** “തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” (ലൂക്കൊ.14:11).

**ലക്ഷ്യം:** മനുഷ്യന്റെ മുൻപിൽ വിലയില്ലാത്തവരെയും നിന്ദ്യരായവരെയും ദൈവം തിരഞ്ഞെടുത്ത് കൃപയുടെ പാത്രരാക്കുന്നു. അവൻ പാപികളെ രക്ഷിക്കാൻ വന്നവനാണ്. തക്കസമയത്ത് അവൻ അവരെ ഉയർത്തുന്നു. തന്റെ പ്രഭുക്കന്മാരോടൊന്നിച്ച് ഈ നിന്ദ്യർക്കും പങ്കുകൊടുക്കുന്നു. ദൈവം ചെയ്ത ഉപകാരങ്ങൾ നാം ദൈവത്തിനു ഏറ്റവും ഉത്തമമായവ തന്നെ കൊടുത്തു മാനിക്കണം. ദൈവത്തോടുള്ള വാഗ്ദാനം നിവർത്തിക്കാതിരിക്കരുത്.

**ക**നാൻദേശം കൈവശമാക്കാൻ യിസ്രായേൽജനം ഒന്നിച്ചുകൂടി ദേശവാസികളെ നീക്കിക്കളഞ്ഞു. യോശുവയുടെ മരണശേഷം തന്നോടൊപ്പമുണ്ടായിരുന്ന മൂപ്പന്മാരുടെ ഉപദേശം ജനം കേട്ടു. എന്നാൽ, അവരും മരണമടഞ്ഞശേഷം നേതൃത്വമില്ലാതായപ്പോൾ ജനം ബോധിച്ചതുപോലെ നടന്നു. തങ്ങളെ മിസ്രയീമിൽനിന്നു കൊണ്ടുവന്ന ദൈവത്തെ മറന്ന് ദേശവാസികളുടെ വിഗ്രഹങ്ങളെ സേവിച്ചു. യഹോവയുടെ കോപം ജ്വലിച്ചു. അവൻ അവരെ ചുറ്റുമുള്ള ജാതികളുടെ കൈയിൽ ഏല്പിച്ചു. കഷ്ടതയിലായപ്പോൾ ജനം നിലവിളിച്ചു. ദൈവം അതാതു സമയം ന്യായാധിപരെ എഴുന്നേല്പിച്ചു.

ദൈവം യിസ്രായേലിനു നൽകിയ ന്യായാധിപ

# Jepthah
## (One who opens)

**Text:** Judg. 11, 12: 1-7

**Memory Verse:** 1 Cor. 1: 27-29

“But God chose the foolish things of the world to shame the wise; God chose the weak things of the world to shame the strong. God chose the lowly things of this world and the despised things—and the things that are not—to nullify the things that are, so that no one may boast before him”.

**Key verse:** “Whoever exalts himself shall be humbled. Whoever humbles himself will be exalted “(Luke 14: 11).

**Purpose:** God chooses the worthless and the despised in front of man and gives them His grace. He has come to this world to save sinners. In His due time he lifts them up. He enables them to share the blessings with great people of the world. We should honour God for all His goodness. Do not forget to fulfill the vows to God.

**A**nd the children of Israel assembled themselves to possess the land of Canaan, and drove out the inhabitants of the land. After Joshua’s death, the people heard the counsel of the elderly men who were with him. But when the elders died, the people walked in their own ways and forgot God who brought them out of Egypt, and served the idols of the people of the land. The Lord’s anger was kindled. And he gave them into the hand of the nations around them. And when they were afflicted, the

ന്മാരിൽ ഒൻപതാമത്തെ ന്യായാധിപനാണ് യിപ്താഹ് (1 ശമൂ. 12:11). യിസ്രായേല്യരെ അമോര്യരുടെ ഉപദ്രവത്തിൽ നിന്നും അധീനതയിൽ നിന്നും വിടുവിക്കാനാണ് യിപ്താഹ് വിളിക്കപ്പെട്ടത്. (ലോത്തിനു തന്റെ മുത്തമകളിൽ നിന്നും മോവാബും ഇളയവളിൽ നിന്നും ബെൻ-അമ്മീയും ജനിച്ചു). ബെൻ-അമ്മീയുടെ മക്കളാണ് അമോന്യർ. മോവാബ്യർക്കും അമോന്യർക്കും പത്താംതലമുറവരെ യഹോവയുടെ സന്നിധിയിൽ പ്രവേശനമില്ല.

**യിപ്താഹിന്റെ കുടുംബം, ജനനം (ന്യായാ. 11:1 – 3).**

മനശ്ശെയുടെ മകൻ മാഖീരിന്റെ പുത്രനാണ് ഗിലെയാദ്. ആ ആളിനോടുള്ള ബന്ധത്തിലായിരിക്കാം ആ സ്ഥലത്തിനു ഗിലെയാദ് എന്നു പേരു വന്നത്. യിപ്താഹിന്റെ പിതാവിന്റെ നാമം മാത്രമേ – അതും അവന്റെ സ്ഥലപ്പേരിൽ മാത്രം അറിയാൻ കഴിഞ്ഞിട്ടുള്ളൂ. ആ പേരിനോടു ബന്ധപ്പെട്ട സ്ഥലവാസികളെ ഗിലെയാദ്യർ എന്നു വിളിച്ചുവരുന്നു. യിപ്താഹിന്റെ പിതാവ് ഒരു ഗിലെയാദ്യൻ ആയിരുന്നു എന്നും, ഗിലെയാദ് എന്നത് അവന്റെ യഥാർഥ നാമം അല്ലെന്നും ഒരു ധാരണയുണ്ട്. യോർദാനിലെ ഒരു പർവതമായ ഗിലെയാദിനു സമീപമുള്ളവരെയാണു ഗിലെയാദ്യർ എന്നു വിളിക്കുന്നത്.

ഈ ഗിലെയാദിനു സ്വന്തഭാര്യയും കുട്ടികളും ഉണ്ടായിരുന്നു. എന്നാൽ, വേശ്യയിൽ അവനു പിറന്ന കുട്ടിയാണ് യിപ്താഹ്. അതിനാൽ ഗിലെയാദിന്റെ ഭാര്യയുടെ പുത്രന്മാർ അവനെ സ്വഭവനത്തിൽ നിന്ന് ഓടിച്ചുകളഞ്ഞു. അങ്ങനെ അവനു പിതൃസ്വത്തു നഷ്ടമായി. അവൻ അവിടെനിന്നു തോബ്ദേശത്തുപോയി താമസമാക്കി. തോബ് എന്ന വാക്കിന്റെ അർഥം നല്ലത് എന്നാണ്. അവൻ അവിടെ കൂട്ടുകാരുമൊത്തു ജീവിച്ച് ഒരു നല്ല പരാക്രമശാലി എന്ന പ്രസിദ്ധിനേടി.

**യിപ്താഹ് യിസ്രായേലിന്റെ നേതൃസ്ഥാനത്തേക്ക് (ന്യായാ. 11:4 – 11)**

കുറേക്കാലം കഴിഞ്ഞപ്പോൾ അമോന്യർ യിസ്രായേലിനോടു യുദ്ധത്തിനു വന്നു. അപ്പോൾ ഗിലെയാദിലെ മൂപ്പന്മാർ തോബിൽ അവർക്കു വേണ്ടി അമോന്യരോടു യുദ്ധംചെയ്യുവാൻ സേനാധിപതിയായി യിപ്താഹിനെ വിളിച്ചു. അവൻ നിരസിച്ചെങ്കിലും അവരുടെ നിർബന്ധിച്ചു (ബൈബിൾ വായിക്കുക) അവന്റെ നേതൃത്വത്തിനു യഹോവയെ

people cried out. Then God raised the judges time to time to deliver the Israelites.

Jephthah is the ninth judge of the judges God gave to Israel (1 Samuel 12:11). Jephthah was called to deliver the Israelites from the persecution and the oppression of the Amorites. (Lot begot Moab in his elder daughter and Ben-ammi in his younger one). Amonites were the sons of Ben-ammi. Even the tenth generation of the Moabites and the Ammonites were not allowed to enter into the presence of the LORD.

**Birth and family of Jephthah (Judges 11: 1-3).**

Gilead was the son of Machir the son of Manasseh. That place was named Gilead after his name. Only the name of the father of Jephthah is known to us and that too in the name of his native place. The inhabitants associated with that name were called Gileadites. Some think that Jephthah's father was a Gileadite, and that Gilead was not his real name. The people, who lived near by the mount Gilead in the Jordan, are called Gileadites.

This Gilead had his own wife and children. Jephthah's mother was a prostitute. So the sons of Gilead's wife drove him out of his home. So he lost his father's property. He left there and lived in the land of Tob. The word Tob means 'better'. He lived there with the friends and gained the name 'mighty man of valour'.

**Jephthah becomes the leader of Israel (Judges 11: 4-11)**

After some time the Ammonites came to fight against Israel. Then the elders of Gilead called Jephthah the captain of the

സാക്ഷിനിർത്തി ഉറപ്പുകൊടുത്തു, അവൻ അവരോടുകൂടെ പോന്നു. അവർ അവനെ തലവനും സേനാനിയുമാക്കി.

യിപ്താഹ് മിസ്പയിൽ യഹോവയുടെ സന്നിധിയിൽ ചെന്നു തന്റെ കാര്യമെല്ലാം പറഞ്ഞു. മിസ്പ ദൈവാധിവാസമുള്ള ഒരു സ്ഥലമാണ്. അതിനു കാവൽമാടം എന്ന അർത്ഥമുണ്ട്. യാക്കോബ്, ശമൂവേൽ  എന്നിവർ മിസ്പയിൽ ആരാധിച്ചതായി കാണുന്നു. യെരൂശലേമിനു അഞ്ചുമൈൽ വടക്കാണ് മിസ്പ. ഗിലെയാദിലും ബെന്യാമീനിലും ഓരോ മിസ്പകൾ ഉണ്ട്. പാഠഭാഗം ഗിലെയാദിലെ മിസ്പയാണ്.

**യിപ്താഹ് – അമോന്യ രാജാവുമായുള്ള ന്യായവാദം (ന്യായാ.11: 12–17)**

യിപ്താഹ് ദൂതന്മാരെ പറഞ്ഞയച്ച് അമോന്യ രാജാവിനോട് ചരിത്രവസ്തുതകൾ യഥാർത്ഥമായി യുക്തിയുക്തം അറിയിച്ചുവാദിച്ചു. യിസ്രായേല്യരല്ല, അമോന്യരാണ് അക്രമകാരികൾ എന്നതായിരുന്നു അതിന്റെ സാരം. അതിനാൽ നീ യുദ്ധത്തിനു മുതിർന്നാൽ യഹോവ നമുക്കു മദ്ധ്യേ ന്യായംവിധിക്കുമെന്ന് മുന്നറിയിപ്പുനൽകി. യിപ്താഹ് പരാക്രമശാലിയായിരുന്നെങ്കിലും ദൈവത്തോടു സഹായമഭ്യർഥിച്ചു. ദൈവത്തോടു നേർച്ചനേർന്ന് വിശ്വസ്തനായിരിക്കുമെന്നു തീരുമാനിച്ചു.

**ദൈവാത്മനിവേശിതനായ യിപ്താഹ് യുദ്ധംചെയ്തത്, നേർച്ച നേർന്നത് (ന്യായാ.11: 29–32).**

ദൈവാത്മാവ് ശക്തിയോടെ യിപ്താഹിന്മേൽ വന്ന് അവനെ കർമോത്സുകനാക്കി. അവൻ മിസ്പയിൽനിന്നും അമോന്യരെ നേരിട്ടു. യഹോവ തനിക്കു വിജയം തന്നാൽ താൻ ജയിച്ചു വീട്ടിലേക്കു മടങ്ങുമ്പോൾ തന്നെ എതിരേൽക്കുന്നതെന്താകിലും അതിനെ യഹോവയ്ക്കു ഹോമയാഗം കഴിക്കുമെന്നു നേർന്നു. (യഹോവയുടെ പ്രസാദത്തിനായി യാഗജന്തുവിനെ സമ്പൂർണമായി ദഹിപ്പിക്കുന്നതാണ് ഹോമയാഗം). അക്കാലത്ത് നിലനിന്നിരുന്ന രീതിയായിരുന്നു ദൈവസന്നിധിയിൽ വിശ്വസ്തത പുലർത്താനായി തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നത്. വിജയമുണ്ടാകുമ്പോൾ അതു നിവർത്തിക്കാതിരുന്നാൽ ശാപമായിത്തീരുമെന്നായിരുന്നു അനുഭവം. യഹോവ അവനു വലിയ വിജയം നൽകി. അവൻ 20 പട്ടണങ്ങളെ ജയിച്ചടക്കി.

host to fight against the Ammonites for them. Though he rejected, they forced him (read the Bible) to take the leadership, and so he went with them. And they made him head and leader of Israelites in the name of Jehovah.

Then Jephthah came before the Lord at Mizpah and uttered all his words. Mizpah is a place of divine abode. It means a watchtower. It is found that Jacob and Samuel worshiped at Mizpah. Mizpah is five miles north of Jerusalem. There is a Mizpah in Gilead and Benjamin. This lesson talks about Mizpah of Gilead.

**Jephthah - Reasoning with the Ammonite King (Judges 11: 12-17)**

Jephthah sent the messengers and told the Amonite king that the truth was really reasonable. It was not Israel, but the Ammonites were the victims of violence. So he informed the king that Jehovah will judge between Israelites and Amonites if there is a war. Jephthah was a mighty warrior, but he begged God for help. He vowed to remain loyal to God.

**Jephthah's battle and vow (Judges 11: 29-32).**

The Spirit of God came upon Jephthah and made him powerful and active. And he went out from Mizpah to the Amonites. He made a vow before the Lord that he would offer burnt offerings to Jehovah if the Lord would give him victory. He made a vow that whatsoever would come from the doors of his house to meet him, when he returns in peace from the children of Ammon, it shall be Jehovah's, and he would offer it up for a burnt-offering. (The burnt offering is to burn the sacrificial animals completely before Jehovah). Decisions

**യിപ്താഹ് നേർച്ച നിവർത്തിക്കുന്നു (ന്യായാ. 11:34–40).**

യഹോവ വലിയ വിജയം നൽകിയതിൽ യിപ്താഹ് സന്തോഷിച്ചു വീട്ടിലേക്കു മടങ്ങിയപ്പോൾ വീട്ടിൽനിന്നും തന്നെ വരവേൽക്കാൻ കൂട്ടുകാരുമൊത്തു നൃത്തംചെയ്തുകൊണ്ടും തപ്പുകൊട്ടിയും വരുന്ന തന്റെ ഏകപുത്രിയെയാണ് ആദ്യം കാണാനിടയായത്. പിതാവിന്റെ വിജയത്തിൽ അവളും അതീവസന്തുഷ്ടയായതിനാൽ പിതാവിനു മാന്യമായ വരവേല്പുനൽകുകയായിരുന്നു അവൾ. ഏകമകളായിരുന്നതിനാൽ യിപ്താഹ് ഇക്കാര്യത്തിൽ വളരെ വ്യസനിച്ചു. വിവരം പുത്രിയോടു പറഞ്ഞപ്പോൾ അവൾ തന്റെ ഹിതത്തിനു തന്നെത്താൻ ഏല്പിച്ചു. തന്റെ കൂട്ടുകാരുമൊത്തു വിലപിക്കേണ്ടതിനു മറ്റും രണ്ടുമാസത്തെ അവധി അവൾ ചോദിച്ചു. "അവൾ അതിനുശേഷം തിരിച്ചുവന്നു. യിപ്താഹ് തന്റെ നേർച്ചപോലെ അവളോടു ചെയ്തു." (യിപ്താഹ് പുത്രിയെ യഹോവയ്ക്കായി സമർപ്പിച്ച് അവിവാഹിതയായി മാറ്റിനിർത്തിയതേയുള്ളൂ. യഹോവയ്ക്കു നേരുകയും നിവർത്തിക്കുകയും ചെയ്യുന്നവർ അനുഗ്രഹീതരത്രേ എന്നു മറന്നുപോകരുത്. സ്വന്തമായി നല്ലൊരു അഡ്രസും പോലും ഇല്ലാതിരുന്ന യിപ്താഹ് ദൈവസന്നിധിയിൽ എടുത്ത തീരുമാനത്തിൽ നിലനിന്ന് അനുസരിച്ചു. പറയുന്നതുപോലെ പ്രവർത്തിക്കുന്നത് ഒരു ദൈവപൈതലിനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു.

**യിപ്താഹിനോടെതിർത്ത് എഫ്രയീമ്യരെ ശിക്ഷിക്കുന്നത് (ന്യായാ. 12:1–7).**

അമ്മോന്യരുമായുള്ള യുദ്ധത്തിന് എഫ്രയീമ്യരെ വിളിക്കാഞ്ഞതിനാൽ അവർ യിപ്താഹിനോടു പോരിനു വന്നു. അവനെ സ്വത്തുസഹിതം തീവെച്ചു നശിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ, യിപ്താഹിന്റെ ക്ഷണം സത്യത്തിൽ അവർ സ്വീകരിക്കാതെ ഒഴിഞ്ഞുകളഞ്ഞവരായിരുന്നു. അവർ ആ കാരണവുമായി ഇപ്പോൾ പോരിനു വന്നതെന്തെന്നു ചോദിച്ച് യിപ്താഹ് ഗിലെയാദ്യരെ വിളിച്ചുകൂട്ടി എഫ്രയീമ്യരോടു യുദ്ധചെയ്തു. യോർദാൻ കടക്കാൻ ശ്രമിച്ചപ്പോൾ എഫ്രയീമ്യനോ യോർദാനക്കരെയുള്ളവനോ എന്നറിയാൻ ഗിലെയാദ്യർ ഒരു ഉച്ചാരണപരീക്ഷണം നടത്തി. 'ശിബ്ബോലെത്ത്' എന്ന പദം യോർദാന്റെ ഇരുകരയിലുള്ള

made to be loyal to God were the practices that existed at that time. The experience was that if we did not fulfill this vow after getting victory, it would be a curse. Jehovah gave him a great victory. He conquered 20 cities.

**Jephthah fulfills the vow (Judges 11: 34-40).**

When Jephthah came back home joyful after defeating the enemies he found his daughter approach him dancing with her friends to welcome him. She was delighted with her father's success. Jephthah was so sad because she was his only daughter. When he told the daughter about his vow, she handed her over to his will. She asked for two months' time to mourn with her companions. '' She then returned. Jephthah did to her his vow. '' (Remember that the daughter of Jephthah was dedicated to God to remain unmarried for the rest of her life thus fulfilling the vow to the Lord Jehovah. God will bless those who make vow and fulfill them on time. God lifted Jephthah from a humble beginning to a greater height. God wants his children to become obedient to him.

**Jephthah punishes the Ephraimites who were against him (Judges 12: 1-7).**

Ephraimites came to war against Jephthah for not calling E'phraim when he went to fight against the Ammonites. They threatened him with the destruction of his property. But Jephthah's invitation was, in fact, rejected by the Ephraimites . Then Jephthah gathered together the men of Gilead, and fought against the children of Ephraim. When they tried to cross Jordan ,the Gileadites tested every one to see

വരും രണ്ടുവിധത്തിൽ ഉച്ചരിച്ചിരുന്നു. എഫ്രയീമ്യർ ആ പദം സിബ്ബോലെത്ത് എന്നേ ഉച്ചരിക്കൂ. അതു കൊണ്ട് ഗിലെയാദ്യർ എഫ്രയീമ്യരെ തിരിച്ചറിഞ്ഞു വധിച്ചുകളഞ്ഞു. ശിബ്ബോലെത്ത് എന്ന പദത്തിന്റെ അർഥം ധാന്യക്കതിർ, ഉറവ എന്നൊക്കെയാണ്. അന്ന് 42,000 എഫ്രയീമ്യർ വീണു. ദൈവസന്നിധി യിൽ തനിക്കു ദൃഢതീരുമാനമായിരുന്നു. തന്ത്ര പൂർവം തന്നെ സമീപിച്ച എഫ്രയീമ്യരുമായി സഖ്യത ചെയ്യാതെ അവരെ യഥാവിധി ശിക്ഷിക്കാ നാണു നാം തയ്യാറായത്.

**യിപ്താഹിന്റെ അന്ത്യം (ന്യായാ. 12:7).**

യിപ്താഹ് ആറുസംവത്സരം യിസ്രായേലിനു ന്യായാധിപനായിരുന്നു. അനന്തരം അവൻ മരിച്ചു. അവനെ ഗിലെയാദ് പട്ടണങ്ങളിലൊന്നിൽ അടക്കം ചെയ്തു. സ്വഭവനക്കാരാൽ ത്യജിക്കപ്പെട്ട യിപ്താ ഹിനെ ദൈവം ഉയർത്തി അത്ഭുതകരമായി ഉപയോ ഗിച്ചു. കാരണമെന്ത്? അവൻ തന്റെ എല്ലാ കാര്യ ങ്ങളും ദൈവസന്നിധിയിൽ പറഞ്ഞു, തീരുമാനമെ ടുത്തു, അതു നിവർത്തിച്ചു. നമ്മുടെ കുറവുകൾ എല്ലാം ദൈവത്തോട് ഏറ്റുപറഞ്ഞ് നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ ദൈവം നമ്മെ ഉപയോഗിക്കും. ദൈവം നമ്മുടെ ഒരുക്കത്തെയാണു നോക്കുന്നത്. സാമർഥ്യത്തെയോ സ്വാധീനത്തെയോ പെരുമ യെയോ അല്ല, നമ്മുടെ സന്നദ്ധതയാണ് ദൈവ ത്തിന് ആവശ്യം.

**ചോദ്യങ്ങൾ**

1. യിപ്താഹിനെ സ്വഭവനത്തിൽ നിന്നും സഹോ ദരന്മാർ പുറത്താക്കിയത് എന്തുകൊണ്ട്?

2. യിപ്താഹ് നേതൃസ്ഥാനത്തേക്കു വന്നതെ ങ്ങനെ?

3. യിപ്താഹിന്റെ വിജയത്തിനു കാരണമെന്ത്?

4. യിപ്താഹ് അമ്മോന്യരുമായി നടത്തിയ സംവാ ദത്തെയും യുദ്ധത്തെയും ഏതാനും ഖണ്ഡികക ളിൽ എഴുതുക?

5. അർഥം എഴുതുക.

മിസ്പ, യിപ്താഹ്, തോബ്, ശിബ്ബോലെത്ത്

whether they were from beyond Jordan. They were asked to pronounce the word 'Sibboleth'.But the Ephraimites were able to pronounce 'Sibboleth' only instead of 'Shibboleth'. Thus the Gileadites identified the Ephraimites and killed them. The word shibboleth means grain, fountain etc. At that time there fell about 42,000 Ephraimites. He was determined in the presence of God. He did not agree with the Ephraimites who approached him cunningly and so punished them accordingly.

**The end of Jephthah (Judges 12: 7).**

Jephthah was a judge of Israel for six years. Then he died and was buried in one of the cities of Gilead. God raised Jephthah from his own people and miraculously used him. What is the reason? He spoke all his words before God, took the decision and fulfilled them. God will use us when our shortcomings are all confessed to God and submit ourselves before him. God looks at our readiness. God is not looking how smart and influential we are but how much we are available to Him.

**Questions**

1. Why Jephthah was expelled from his house by his brothers?

2. How did Jephthah come to power?

3. What are the reasons for the success of Jephthah?

4. Write about Jephthah's arguments and war against the Amonites.

5. Write the meaning.

Mizpah, Jephthah,Tob, Shibboleth